**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1429** **11-09-2023 - ൽ മറുപടിയ്ക്ക്**

**നമ്പികുളം ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൂരാച്ചുണ്ട്, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന നമ്പികുളം ഇക്കോ ടൂറിസം പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്; വിശദമാക്കാമോ; | (എ) | **1.47 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച നമ്പികുളം ഇക്കോടൂറിസം പദ്ധതിയുടെ പാർക്കിങ് ഏരിയ, വാച്ച് ടവർ, പാത്ത് വേ ഇന്റർ ലോക്കിങ്, റീട്ടെയ്നിങ് വാൾ, ഹാൻഡ് റയിൽ, ടിക്കറ്റ് കൗണ്ടർ, വാച്ച് ടവറിനു താഴെ കഫെറ്റീരിയ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | **ഈ പദ്ധതി നടപ്പാക്കുന്ന സ്ഥലത്തെ പ്രത്യേകത മൂലം വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിനു ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ വൈദ്യുതിയും വെള്ളവും എത്തിക്കാൻ പുതിയ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കി കേന്ദ്രം പ്രവർത്തനസജ്ജമാക്കുന്നതാണ്.. നിലവിലെ സ്ഥിതിയിൽ നമ്പികുളം ഇക്കോടൂറിസം കേന്ദ്രം പ്രവർത്തിപ്പിക്കാനുള്ള ടെൻഡർ നടപടികളും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ